DEPERSONALISED
On.26/08/22



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No. 2782(3)/2018 എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.10585/എസ്.ഐ.സി-ജി 1/2018)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 24.08.2022

ശ്രീ.കെ. പ്രഭാകരൻ നായർ,
(റിട്ട. ഹെഡ് സർവ്വെയർ),
കോട്ടയിൽ വീട്,
കണ്ണാടിക്കൽ,
വേങ്ങേരി പി.ഒ,
കോഴിക്കോട് – 673 010. } അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ടൗൺ പ്ലാനിംഗ് ഓഫീസർ,
   കോഴിക്കോട് കോർപ്പറേഷൻ,
   കോഴിക്കോട്.
2. അപ്പീൽ അധികാരി &
   എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ,
   കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 16/04/2018 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 11/06/2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/06/2018 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 27/09/2018 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 28/09/2018 |

കോഴിക്കോട് ജില്ലയിൽ വേങ്ങേരി, കണ്ണാടിക്കൽ, കോട്ടയിൽ വീട്ടിൽ ശ്രീ. പ്രഭാകരൻ നായർ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

എസ്.പി.ഐ.ഒ യ്ക്ക് നൽകിയ അപേക്ഷയിൽ കോർപ്പറേഷൻ പരിധിയിൽ സർക്കാർ ഭൂമി കൈവശം വച്ചതിന് എതിരായ ആക്ഷേപം സംബന്ധിച്ച ഫയലിന്റെ പകർപ്പുകൾ നൽകണമെന്നാണ് ആവശ്യപ്പെട്ടത്. ഇത് യഥാസമയം അപേക്ഷകന് ലഭിക്കാതിരുന്നതിനെ തുടർന്ന് അപ്പീൽ അധികാരിയായ കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ അപ്പീൽ ഹർജിക്കാരൻ സമീപിക്കുകയും, പകർപ്പ് നൽകുവാൻ അപ്പീൽ അധികാരി 30.06.2018 ലെ ടി.പി. 10/12/51091/18 നമ്പർ ഉത്തരവ് പ്രകാരം എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ ആ നിർദ്ദേശവും പാലിക്കപ്പെടാതെയിരുന്ന തിനാലാണ് ശ്രീ. പ്രഭാകരൻ നായർ സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിച്ചത്. കമ്മീഷൻ 04.08.2021, 02.07.2022 തീയതികളിൽ A.P.2782(3)/18/SIC നമ്പർ ഫയലിൽ വിശദീകരണം ആവശ്യപ്പെടുകയും അപേക്ഷകന് ഉടൻ വിവരങ്ങൾ നൽകാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. തുടർ നടപടികളിൽ ഫയൽ തീർപ്പാക്കാത്തതിനെ തുടർന്ന് 19.08.2022 ൽ കോഴിക്കോട് നടത്തിയ ഹിയറിംഗിൽ ഈ അപ്പീൽ ഹർജി പരിഗണിച്ചു.

2. ഹിയറിംഗിൽ അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. അപ്പീൽ അധികാരിയായ മുനിസിപ്പൽ കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഹാജരായി വിശദീകരണം സമർപ്പിച്ചു. ആയത് പരിശോധിച്ചതിൽ കമ്മീഷന്റെ ഇടപെടലിനെ തുടർന്ന് ഹർജിക്കാരന് മുഴുവൻ വിവരവും നൽകിയിട്ടുള്ളതായി കാണുന്നു.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരന് വിവരങ്ങൾ ലഭിക്കുകയും ഹിയറിംഗിൽ ഹർജിക്കാരൻ ഹാജരായി വിവരങ്ങൾ നേരിട്ട് ബോധിപ്പിക്കാതിരിക്കുകയും

ചെയ്ത സാഹചര്യത്തിൽ തുടർ നടപടികൾ ഒന്നും ഇല്ലാതെ ഈ ഫയൽ തീർപ്പാക്കി ഉത്തരവാകുന്നു.

3. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2022 ആഗസ്റ്റ് മാസം 24–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
എ. അബ്ദുൽ ഹക്കീം
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA ★ THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

vkm